**കേരള സർക്കാർ**

**സംഗ്രഹം**

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് പാട്ടത്തിന് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

സ.ഉ.(സാധാ) നം.1839/2018/തസ്വഭവ തീയതി, തിരുവനന്തപുരം. 05/07/2018

---

പരാമർശം :- 1. പയ്യന്നൂർ നഗരസഭാ കൗൺസിലിന്റെ 27/10/2016 ലെ 2-ാം നമ്പർ തീരുമാനം.
2. നഗരകാര്യ ഡയറക്ടറുടെ 23/03/2018 ലെ G3-35983/2017 നമ്പർ കത്ത്.

**ഉത്തരവ്**

പയ്യന്നൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള, പയ്യന്നൂർ വില്ലേജ്, റീസർവ്വെ നമ്പർ 101/3 ൽപ്പെട്ട 50 സെന്റ് സ്ഥലം തീയറ്റർ സമുച്ചയം സ്ഥാപിക്കുന്നതിനായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് 30 വർഷത്തേയ്ക്ക് പാട്ട വ്യവസ്ഥയിൽ വിട്ടുനൽകുന്നതിന് പരാമർശം ഒന്ന് പ്രകാരം നഗരസഭാ കൗൺസിൽ തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ, സർക്കാർ അനുമതിയ്ക്കായുള്ള നഗരസഭാ സെക്രട്ടറിയുടെ അപേക്ഷ നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം (2) പ്രകാരം ലഭ്യമാക്കുകയുണ്ടായി.

2. സ്റ്റേഡിയം നിർമ്മിക്കുന്നതിനും വിനോദപരിപാടികൾ നടത്തുന്നതിനുമായി 2000 - 01 ൽ തനത് ഫണ്ട് ഉപയോഗിച്ച് ലാന്റ് അക്വിസിഷൻ പ്രകാരം നഗരസഭ ഏറ്റെടുത്ത, പയ്യന്നൂർ വില്ലേജിലെ 99/1, 100/2, 101/3 എന്നീ റീസർവ്വെ നമ്പരുകളിലെ 10.26 ഏക്കർ വസ്തുവിൽ ഉൾപ്പെട്ടു വരുന്നതാണ് ടി 50 സെന്റ് സ്ഥലം എന്ന് നഗരകാര്യ ഡയറക്ടർ അറിയിക്കുകയുണ്ടായി.

3. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. പയ്യന്നൂർ വില്ലേജ്, റീസർവ്വെ നമ്പർ 101/3 ൽപ്പെട്ടതും പയ്യന്നൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ളതുമായ 50 സെന്റ് സ്ഥലം, തീയറ്റർ സമുച്ചയം നിർമ്മിക്കുന്നതിനായി, പാട്ട വ്യവസ്ഥയിൽ മുപ്പത് വർഷത്തേയ്ക്ക്, നിയമാനുസൃത കരാർ പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് വിട്ടുനൽകുന്നതിന് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 215(1) പ്രകാരം പയ്യന്നൂർ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു. പ്രസ്തുത കൈമാറ്റം 2000 ലെ കേരള

മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ, ചട്ടം 7 ൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം, ടി ചട്ടങ്ങളിലെ അനുബന്ധം III ലെ ഫാറം III ന് അനുസൃതമാണെന്ന് നഗരസഭാ സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )
മുഹമ്മദ് റിയാസ്
ഡെപ്യൂട്ടി സെക്രട്ടറി

1) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
2) ചെയർമാൻ/സെക്രട്ടറി, പയ്യന്നൂർ നഗരസഭ, വയനാട്.
3) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, തിരുവനന്തപുരം.
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ.ബി.എ/എ&ഇ), തിരുവനന്തപുരം.
5) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
6) എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
7) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8) കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ